രക്ഷയുടെ പാതയിൽ-4



4

# ജീവന്റെ നീർച്ചാലുകൾ

**സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി**

പാഠം 7

# വി. കുർബാന ജീവന്റെ അപ്പം



അവിടുന്ന് ആകാശത്തുനിന്ന് വെളുത്തനിറമുള്ളതും തേൻ ചേർത്ത അപ്പത്തിന്റെ രുചിയുള്ളതുമായ 'മന്നാ' പൊഴിച്ചു. ഇസ്രായേൽജനം മന്നാ കഴിച്ച് വിശപ്പും ക്ഷീണവുമകറ്റി (പുറപ്പാട് 16:1-36).



ഈശോയുടെ പ്രസംഗം കേൾക്കുന്നതിനായി അവിടുത്തെ ചുറ്റും കൂടിയിരുന്ന ജനങ്ങൾക്കു വിശന്നപ്പോൾ അപ്പം അത്ഭുതകരമായി വർദ്ധിപ്പിച്ചു നൽകി (യോഹന്നാൻ6:1-15).

'ഞാനാണ് ജീവന്റെ അപ്പം, എന്റെ അടുത്ത് വരുന്നവന് ഒരിക്കലും വിശക്കുകയില്ല' (യോഹന്നാൻ 6:35).



നമ്മുടെ ആത്മീയ പോഷണമായി അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യത്തിൽ നമ്മുടെ കർത്താവീശോമിശിഹാ തന്റെ തിരുശരീരവും തിരുരക്തവും നമുക്കു നൽകുന്ന കൂദാശയാണ് വി. കുർബാന.



പെസഹാത്തിരുനാളിലാണ് ഈശോ കുർബാന സ്ഥാപിച്ചത്. ഈജിപ്തിലെ അടിമത്തത്തിൽനിന്ന് ഇസ്രായേൽജനത സ്വതന്ത്രരായതിന്റെ ഓർമ്മയാണ് അവർ പെസഹാദിനത്തിൽ ആചരിച്ചിരുന്നത്. പെസഹാ എന്നവാക്കിന്റെ അർത്ഥം കടന്നുപോകൽ എന്നാണ്.



ഈശോ അപ്പമെടുത്ത് ആശീർവദിച്ച് മുറിച്ച് ശിഷ്യന്മാർക്കു കൊടുത്തുകൊ് അരുളിചെയ്തു: വാങ്ങി ഭക്ഷിക്കുവിൻ; ഇത് എന്റെ ശരീരമാണ്. അനന്തരം പാനപാത്രമെടുത്ത്, കൃതജ്ഞതാ സ്തോത്രം ചെയ്ത് അവർക്ക് കൊടുത്തുകൊു പറഞ്ഞു: നിങ്ങളെല്ലാവരും ഇതിൽനിന്ന് പാനം ചെയ്യുവിൻ. ഇത് പാപമോചനത്തിനായി അനേകർക്കുവേി ചിന്തപ്പെടുന്നതും ഉടമ്പടിയുടേതുമായ എന്റെ രക്തമാണ് (മത്താ 26:26-30).



എന്റെ ശരീരം ഭക്ഷിക്കുകയും രക്തം പാനം ചെയ്യുകയും ചെയ്യുന്നവന് നിത്യജീവനുണ്ട്. അവസാനദിവസം ഞാനവനെ ഉയിർപ്പിക്കും (യോഹ 6:54)

എന്റെ ശരീരം യഥാർത്ഥ ഭക്ഷണമാണ്. എന്റെ രക്തം യഥാർത്ഥ പാനീയവുമാണ് (യോഹ 6:55).



അവർ ഏകമനസ്സോടെ താല്പര്യപൂർവ്വം അനുദിനം ദൈവാലയത്തിൽ ഒന്നിച്ചുകൂടുകയും ഭവനംതോറും അപ്പം മുറിക്കുകയും ഹൃദയലാളിത്യത്തോടും ആഹ്ലാദത്തോടും കൂടെ ഭക്ഷണത്തിൽ പങ്കുചേരുകയും ചെയ്തിരുന്നു

(അപ്പ 2:6).



വി. കുർബാന ഒരു വിരുന്നായതുകൊ് അതിൽ പങ്കെടുക്കുന്ന എല്ലാവരും ഈശോ നൽകുന്ന ശരീര രക്തങ്ങൾ യോഗ്യതയോടെ സ്വീകരിക്കണം. അപ്പോഴാണ് വിരുന്ന് പൂർണ്ണമാകുന്നത്. നമ്മുടെ ആത്മാവിന്റെ പോഷണമായ വി. കുർബാനയിൽ നമുക്ക് ഭക്തിയോടെ പങ്കുചേരാം.





# നമുക്കു പാടാം

രക്ഷകനീശോതൻ ശിഷ്യരെ അറിയിച്ച
ദിവ്യരഹസ്യമിതാ
സ്വർഗ്ഗത്തിൽ നിന്നാഗതമാം
ജീവൻ നൽകിടുമപ്പം ഞാൻ
സ്നേഹമൊടെന്നെ കൈക്കൊൾവോ-
നെന്നിൽ നിത്യം ജീവിക്കും
നേടുമവൻ സ്വർഗ്ഗം നിശ്ചയമായ്.

# നമുക്കു പ്രാർത്ഥിക്കാം

**ജീവന്റെ അപ്പമായ ഈശോയേ, കുരിശിലെ ബലിവഴി അങ്ങയുടെ ശരീരരക്തങ്ങൾ ഞങ്ങൾക്കു നല്കിയതിനെയോർത്ത് ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു.**

## നമുക്കു ഭക്തിപൂർവ്വം ദൈവവചനം വായിക്കാം

(യോഹ.6:52-58)



# ഓർമ്മിക്കാൻ ഒരു തിരുവചനം

എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം
പാനം ചെയ്യുകയും ചെയ്യുന്നവൻ എന്നിലും
ഞാൻ അവനിലും വസിക്കുന്നു

(യോഹ6:56).

# എന്റെ തീരുമാനം

**ഞായറാഴ്ചകളിൽ മാത്രമല്ല, അവസരം ലഭിക്കുമ്പോഴെല്ലാം ഞാൻ വി.കുർബാനയിൽ സംബന്ധിക്കുകയും, യോഗ്യതയോടെ വി.കുർബാന സ്വീകരിക്കുകയും ചെയ്യും.**

# നമുക്കു ആടാം പാടാം



അപ്പമന്നേകിയോനപ്പമായി
അൾത്താരതന്നിൽ വസിച്ചിടുന്നു
ആത്മാവിൻ പോഷണമേകിടുവാൻ
ജീവനായ് ശക്തിയായ് വാണിടുന്നു

മരുഭൂവിൽ മന്നാ ഭുജിച്ചവരോ
മരണത്തിൻ തേരിൽ കടന്നുപോയി
ഈശോയാം അപ്പം ഭുജിച്ചുവെന്നാൽ
ജീവന്റെ തേരിൽ പറന്നുയരാം

പെസഹാത്തിരുനാളിൽ നൽകിയതാം
സ്നേഹത്തിൻ കൂദാശ സ്വീകരിച്ചാൽ
പങ്കുവയ്ക്കാനും ബലിയാകാനും
നമ്മിൽ വാഴും ഈശോ ശക്തിനൽകും.

Thank you